**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **19-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജി.എം.യു.പി. സ്കൂളിന്റെ ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആശുപത്രിയുടെ സമീപത്തുള്ള ഗവൺമെന്റ് മോഡൽ യു.പി. സ്കൂളിന്റെ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ആവശ്യത്തിനായി വിദ്യാഭ്യാസ വകുപ്പിൽ രേഖാമൂലം നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളവരുടെ പേരുവിവരവും നിവേദനങ്ങൾ ലഭിച്ച തീയതിയും വിശദാംശവും ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഗവ.മോഡൽ യുപി.സ്കൂളിനെ ഗവ.യു.പി.എസ്., വീട്ടിക്കുത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു.നിലമ്പൂർ എം.എൽ.എ ശ്രീ.പി.വി.അൻവർ-ന്റെ നിവേദനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് 28.12.2022-ൽ ലഭിച്ചിരുന്നു. |
| (ബി) | മേൽനിവേദനങ്ങളും നിർദ്ദേശങ്ങളും വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്കൂളിന്റെ ഭൂമി പൂർണ്ണമായോ ഭാഗികമായോ കൈമാറുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് ആരോഗ്യ വകുപ്പിലേക്ക് കത്തുകളോ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകളും വിശദാംശവും ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | മേൽകാര്യം ആവശ്യപ്പെട്ട് നിലമ്പൂർ എം.എൽ.എ. വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ/ഇ-ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് ലഭിച്ച ടി കത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പി.ടി.എ. ജനറൽ ബോഡിയിൽ അനുകൂല അഭിപ്രായം ഇല്ലാതിരുന്നതിനാലും ടി ആവശ്യം നിരസിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പിലാണ് ടി വിഷയം കൈകാര്യം ചെയ്യുന്നത്.<br><br>ഫയൽ നം.GEDN-F3/2/2023-G.EDN |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: /ഡി.ജി.ഇ/8007/2023-എൻ.എസ്3

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 05-05-2024
ഇ-മെയിൽ : supdtns.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

സെക്രട്ടറി
പൊതുവിദ്യാഭ്യാസ(എഫ്) വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള നിലമ്പൂർ ഗവ.മോഡൽ യു.പി.സ്കൂളിനെ ഗവ.എൽ.പി.എസ്. വീട്ടിക്കുത്തിലേക്ക് മാറ്റുന്നത്- സംബന്ധിച്ച്

സൂചന :- 1) 16/01/2023-ലെ GEDN-F3/2/2023-G.EDN നമ്പർ സർക്കാർ കത്ത്.
2) 09/08/2023-ലെ DDEMPM/11302/2023-D8 നമ്പർ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത്.

******************

സൂചന (1) ലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. നിലമ്പൂർ ഗവ.മോഡൽ യു.പി.സ്കൂളിനെ ഗവ.എൽ.പി.എസ്. വീട്ടിക്കുത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സൂചന(2) പ്രകാരം ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് താഴെ പറയുന്ന വിവരങ്ങൾ സമർപ്പിക്കുന്നു.

ഗവ.മോഡൽ യു.പി.എസ്, വീട്ടിക്കുത്ത് ജി.എൽ.പി.എസ്-ലേക്ക് കൂട്ടിചേർക്കുകയാണെങ്കിൽ അധികമായി എൽ.പി. വിഭാഗത്തിന് അഞ്ചും, യു.പി. വിഭാഗത്തിന് പതിനഞ്ചും ക്ലാസ്സ്മുറികളും, നിലമ്പൂർ ബി.ആർ.സി.ക്ക് പ്രവർത്തിക്കാൻ കെട്ടിടസൗകര്യങ്ങളും, അധികമായി ടോയ്ലറ്റ് കം യൂറിനൽസ്, വാട്ടർ ടാപ്പുകൾ, വാട്ടർ ടാങ്ക് എന്നിവ ആവശ്യമാണ്. സ്കൂളിന്റെ ഫീഡിംഗ് ഏരിയ ഏകദേശം 5 കി.മീ. ചുറ്റളവാണ്. നിലവിൽ ഗവ. മോഡൽ യു. പി. എസ്. -ലേക്ക് എത്തിച്ചേരുന്നതിനു കുട്ടികൾ ഏകദേശം 5 കിലോമീറ്ററോളം ദൂരം സഞ്ചരിക്കുന്നുണ്ട്, സ്കൂൾ മാറ്റി സ്ഥാപിക്കുകയാണെങ്കിൽ 600 മീറ്ററോളം ദൂരം അധികമായി പ്രധാന റോഡ് ക്രോസ്സ് ചെയ്ത് സഞ്ചരിക്കേണ്ട സാഹചര്യം ഉണ്ടാകുമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുന്നു.

സ്കൂൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 07/08/2023 ന്ന നിലമ്പൂർ ഗവ. മോഡൽ യു പി.എസിൽ ചേർന്ന പി.ടി.എ. ജനറൽബോഡി യോഗത്തിൽ രക്ഷിതാക്കൾ ആരുംതന്നെ അനുകൂലമായ അഭിപ്രായമല്ല രേഖപ്പെടുത്തിയിട്ടുള്ളത് എന്ന വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു. .

1689427/2023/TAPAL DGE

I/739614/2024

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി